Draft #3 of File 13159/AC A1-1/2020/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 01-Mar-2021 12:48 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

എയ്ഡഡ് കോളേജുകളിലെ സ്വാശ്രയ കോഴ്സുകളുടെ താൽകാലിക അഫിലിയേഷൻ 2020-21 അദ്ധ്യയന വർഷത്തേക്ക് നീട്ടിനൽകുവാൻ തീരുമാനിച്ചുക്കൊണ്ടു ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 1256/AC A 1/2021/എം.ജി.യു    പ്രിയദർശിനി ഹിൽസ്,തീയതി: 01.03.2021

---

*പരാമർശം:*-1.സ്വാശ്രയ കോഴ്സുകളുടെ താൽകാലിക അഫിലിയേഷൻ 2020-21 അദ്ധ്യയന വർഷത്തേക്ക് നീട്ടിനൽകുന്നതിലേക്കായി വിവിധ കോളേജ് പ്രിൻസിപ്പാൾമാർ സമർപ്പിച്ച അപേക്ഷ.

2. സർവ്വകലാശാല ഉത്തരവ് നം.679/AcA1/2020/എം.ജി.യു തീയതി 05.02.2020

3. സർവ്വകലാശാല ഉത്തരവ് നം.3251/AcA1/2020/എം.ജി.യു തീയതി 16.07.2020

4. സർവ്വകലാശാല ഉത്തരവ് നം.291/AcA1/2021/എം.ജി.യു തീയതി 14.01.2021

5. കത്ത് നം. 13159/ACA1-1/2020/2020/ACA1 തീയതി. 16.01.2021

6. 30.01.2021 തീയതിതിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം. നം. 40/21.01/210008

**ഉത്തരവ്**

എയ്ഡഡ് കോളേജുകളിലെ സ്വാശ്രയ കോഴ്സുകളുടെ താൽകാലിക അഫിലിയേഷൻ 2020-21 അദ്ധ്യയന വർഷത്തേക്ക് നീട്ടിനൽകുന്നതിനായി വിവിധ കോളേജ് പ്രിൻസിപ്പാൾമാർ പരാമർശം(1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ടി അപേക്ഷകൾ സർവ്വകലാശാല പരിഗണിക്കുകയും പരാമർശം(2) പ്രകാരം നിയമിതമായ പരിശോധന സമിതികൾ കോളേജുകൾ സന്ദർശിച്ച് പഠന ഭൗതിക സൗകര്യങ്ങൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. പ്രസ്തുത പരിശോധന റിപ്പോർട്ടുകൾ പരിഗണിച്ചതിന്റെ അടിസ്ഥാനത്തിൽ, 2020-21 അദ്ധ്യയന വർഷത്തേയ്ക്ക് താഴെ കൊടുത്തിരിക്കുന്ന കോളേജുകളിലെ സ്വാശ്രയ കോഴ്സുകളുടെ താൽകാലിക അഫിലിയേഷൻ പുതുക്കുന്നതുമായി ബന്ധപ്പെട്ട് പ്രിൻസിപ്പാൾ, മാനേജർ എന്നിവർ അടിയന്തിരമായി അഫിലിയേഷൻ കമ്മിറ്റി മുൻപാകെ ഹിയറിംഗിനായി ഹാജരാകുവാൻ പരാമർശം (3)&(4) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ഹിയറിംഗിന് ഹാജരാകുവാനുള്ള നിർദ്ദേശം എല്ലാ കോളേജുകളെയും പരാമർശം (5) പ്രകാരം അറിയിക്കുകയും ചെയ്തു.

| Sl.No | Name of College | Course |
|---|---|---|
| | | 1. B.Com Model III Computer Application. |

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #3 of File 13159/AC A1-1/2020/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 01-Mar-2021 12:48 PM - Page 2

| | | |
|---|---|---|
| 1 | Bishop Kurialacherry College for Women, Amalagiri | 2. B.Com Model I Finance&Taxation<br>3. B.Sc. Geology&Water Management Model III<br>4. M.A. English<br>5. M.Sc. Chemistry<br>6. M.Com<br>7. M.Sc. Food & Industrial Microbiology. |
| 2 | St.Xavier's College for women,aluva | 1. M.Sc. Microbiology<br>2. M.Com. Management.<br>3. BA.English Literature&Communication Studies-Model III(Double main)<br>4. B.Com Computer Applications Model I<br>5. B.Com Travel&tourism Model I<br>6. B.Com. Finance&Taxation - Model I |
| 3 | Morning Star Home Science college,Angamaly,Ernakulam | 1. BA English Language & Literature Model I<br>2. M.Sc. Zoology<br>3. M.Sc. Physics<br>4. M.Sc. Chemistry |
| 4 | Union Christian College,Aluva | 1. B.Sc. Biological Techniques &Specimen Preparation.<br>2. B.Sc. Electronics & Computer Maintenance.<br>3. B.Com. Finance&Taxation Model I<br>4. B.Com. Finance&Taxation Model II<br>5. MBA<br>6. MCA<br>7. M.Sc. Biotechnology<br>8. M.Sc. Bioinformatics |

Draft #3 of File 13159/AC A1-1/2020/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 01-Mar-2021 12:48 PM - Page 3

| | | |
|---|---|---|
| | | 9. MCA(Additional batch) |
| 5 | Devamatha College,Kuravilangadu | 1. B.Com. Finance&Taxation Model I<br>2. B.A English Literature, Communication&Journalism Triple Main(Model III)<br>3. B.Com. Co-operation<br>4. M.Sc. Chemistry.<br>5. M.Sc. Physics.<br>6. M.Sc. Botany.<br>7. M.Sc. Mathematics.<br>8. M.Sc. Zoology. |

മേൽ പരാമർശിച്ചിരിക്കുന്ന കോളേജുകളുമായി നടത്തിയ ഹിയറിംഗിന്റെ അടിസ്ഥാനത്തിൽ പരാമർശം (6) പ്രകാരം താഴെ പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

**ബി.കെ. കോളേജ്, അമലഗിരി**

പങ്കെടുത്തവർ

Sr. Elasamma Chacko (Administrator)
Sr. Ajly C Thomas (Office Staff)

- വ്യത്യസ്ത കെട്ടിടങ്ങളിലായാണ് എയ്ഡഡ്& സ്വാശ്രയ പ്രോഗ്രാമുകൾ നടത്തുന്നത്.
- ഓരോ കെട്ടിടത്തിലും എയ്ഡഡ്&സ്വാശ്രയ വിഭാഗത്തിനു വെവ്വേറെ ലാബ്, ലൈബ്രറികൾ സജ്ജീകരിച്ചിരിക്കുന്നു.
- സ്വാശ്രയ വിഭാഗം അദ്ധ്യാപകർക്ക് ശമ്പളം പൂർണമായും നൽകിയിട്ടുണ്ട്.

ടി കോളേജിലെ സ്വാശ്രയ കോഴ്സുകളുടെ താൽകാലിക അഫിലിയേഷൻ 2020-21 അദ്ധ്യയന വർഷം തുടരുന്നതിനു തീരുമാനിച്ചു.

**സെന്റ്. സേവിയേഴ്സ് കോളേജ് ഫോർ വുമൺ, ആലുവ**

പങ്കെടുത്തവർ

Dr.(Sr). Geega Jonamma Xavior (Principal in Charge)
Sr. Jiji Joseph (Junior Superintendent)

- ഒരേ കെട്ടിടത്തിലെ മറ്റൊരു ബ്ലോക്കിലായി സ്വാശ്രയ പ്രോഗ്രാമുകൾ നടത്തുന്നു. പുതിയ കെട്ടിടത്തിനായി സ്ഥലം വാങ്ങിയിട്ടുണ്ട്.
- വെവ്വേറെ കെട്ടിടങ്ങളിലായി ലാബ്, ലൈബ്രറി സജ്ജീകരിക്കുന്നു.
- സ്വാശ്രയ വിഭാഗം അദ്ധ്യാപകർക്ക് ശമ്പളം പൂർണമായും നൽകിയിട്ടുണ്ട്.

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

ടി കോളേജിലെ സ്വാശ്രയ കോഴ്സുകളുടെ താൽകാലിക അഫിലിയേഷൻ 2020-21 അദ്ധ്യയന വർഷം തുടരുന്നതിനു തീരുമാനിച്ചു.

**<u>മോർണിംഗ് സ്റ്റാർ ഹോം സയൻസ് കോളേജ്, അങ്കമാലി</u>**

<u>പങ്കെടുത്തവർ</u>

Sr. Rosey (Principal in Charge)

Sr. Danet

- ഒരേ കെട്ടിടത്തിലെ മറ്റൊരു ബ്ലോക്കിലായി സ്വാശ്രയ കോഴ്സുകൾ നടത്തുന്നു.
- വ്യത്യസ്ത ലാബുകൾ ഏർപ്പെടുത്തിയിട്ടുണ്ട്
- ലാബ് എയ്ഡഡ്& സ്വാശ്രയ വിഭാഗങ്ങൾ ഷെയർ ചെയ്തു ഉപയോഗിക്കുന്നു. വേർതിരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.
- സ്വാശ്രയ വിഭാഗം അദ്ധ്യാപകർക്ക് 2000/- രൂപ കുറവ് ചെയ്താണ് ശമ്പളം നൽകിയിട്ടുള്ളത്. വിദ്യാർത്ഥികളിൽ നിന്നും ഫീസ് മുഴുവനായും ലഭിക്കുന്ന മുറയ്ക്ക് ടി തുക തിരികെ നൽകും.

ടി കോളേജിലെ സ്വാശ്രയ കോഴ്സുകളുടെ താൽകാലിക അഫിലിയേഷൻ 2020-21 അദ്ധ്യയന വർഷം തുടരുന്നതിനു തീരുമാനിച്ചു.

**<u>യൂണിയൻ ക്രിസ്ത്യൻ കോളേജ്, ആലുവ</u>**

<u>പങ്കെടുത്തവർ</u>

Rev. Thomas John (Manager)

Dr. Rachel Reena Philip (Principal)

Dr. A.V. Alex (Director)

- വ്യത്യസ്ത കെട്ടിടങ്ങളിലായാണ് എയ്ഡഡ്& സ്വാശ്രയ പ്രോഗ്രാമുകൾ നടത്തുന്നത്.
- ലാബ്& ലൈബ്രറി വേർതിരിച്ചാണ് ഉപയോഗിക്കുന്നത്.
- സ്വാശ്രയ വിഭാഗം അദ്ധ്യാപകർക്ക് ശമ്പളം പൂർണമായും നൽകിയിട്ടുണ്ട്.
- സ്വാശ്രയ വിഭാഗത്തിന് മാത്രമായി ഒരു ഡയറക്ടർ ഉണ്ട്.

ടി കോളേജിലെ സ്വാശ്രയ കോഴ്സുകളുടെ താൽകാലിക അഫിലിയേഷൻ 2020-21 അദ്ധ്യയന വർഷം തുടരുന്നതിനു തീരുമാനിച്ചു.

**<u>ദേവമാതാ കോളേജ്, കുറവിലങ്ങാട്</u>**

<u>പങ്കെടുത്തവർ</u>

Fr. Dinoy Mathew (Assistant Professor)

Sri. Kuriakose (Office staff)

സ്വാശ്രയ പ്രോഗ്രാമുകളുടെ ക്ലാസ് മുറികളും ലാബ്,ലൈബ്രറി മറ്റ് സൗകര്യങ്ങൾ എല്ലാം മാർച്ച് 2021 നകം പുതിയ കെട്ടിടത്തിലേക്ക് മാറ്റികൊള്ളാമെന്ന സത്യവാങ്മൂലം നൽകിയിട്ടുണ്ട്(കോളേജ് മാനേജരുടെ പ്രതിനിധി) ടി സത്യവാങ്മൂലം പരിഗണിച്ചു ടി കോളേജിലെ സ്വാശ്രയ കോഴ്സുകളുടെ താൽകാലിക അഫിലിയേഷൻ

Draft #3 of File 13159/AC A1-1/2020/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 01-Mar-2021 12:48 PM - Page 4

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

2020-21 അദ്ധ്യയന വർഷം തുടരുന്നതിനു തീരുമാനിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

കാഞ്ചന എൻ നായർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ബന്ധപ്പെട്ട കോളേജ് പ്രിൻസിപ്പാൾ/മാനേജർ
2. വി.സി /പി.വി.സി എന്നിവരുടെ പി.എസ് മാർ
3. രജിസ്ട്രാർ /ഫിനാൻസ് ഓഫീസർ/ പരീക്ഷാകൺട്രോളർ എന്നിവരുടെ പി.എ മാർ
4.ജെ ആർ /ഡി ആർ / എ ആർ (പരീക്ഷ വിഭാഗം /അക്കാദമിക് വിഭാഗം)
5. എസി.സി1 /എസി.സി2/ എ.റ്റി .ആർ
6. കണ്ടെന്റ് മാനേജ്മെന്റ് സെക്ഷൻ/യൂണിവേഴ്സിറ്റി വെബ് സൈറ്റ്
7.ഫയൽ കോപ്പി/ റെക്കോർഡ്സ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #3 of File 13159/AC A1-1/2020/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 01-Mar-2021 12:48 PM - Page 5

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം